കൊടുങ്ങല്ലൂർ കെ. കെ. ടി. എം. കോളേജിന്റെ നിർമ്മാണച്ചെലവ്

4 (1059) പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊടുങ്ങല്ലൂർ കെ. കെ. ടി. എം. കോളേജിന്റെ കെട്ടിടങ്ങളുടെ നിർമ്മാണ ചെലവിന്റെ ബാക്കി തുകകൂടി നൽകുന്നതിന് വേണ്ടിവരുന്ന തുക ബഡ്ജറ്റിൽ വകകൊള്ളിക്കാമോ ?

ഉത്തരം

ഹൈക്കോടതി ഉത്തരവ് അനുസരിച്ച് 52 ലക്ഷം രൂപ 31-12-1999 ന് മുൻപ് ഉടമ്പടിക്കാരന് നൽകേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിലുള്ള സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്നതിനായി വിശദവിവരങ്ങൾ നൽകാൻ പൊതുമരാമത്ത് വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്.

കുമ്പളയിൽ ട്രഷറി

5 (1060) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുമ്പളയിൽ ഒരു ട്രഷറി ആരംഭിക്കുന്നത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ ?

ഉത്തരം

കുമ്പളയിൽ ഒരു ട്രഷറി സ്ഥാപിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിലെ ഓഫീസ് സൂപ്രണ്ട് തസ്തിക

6 (1061) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഹെഡ് ഓഫീസിൽ 1999 സെപ്തംബർ വരെ എത്ര ഓഫീസ് സൂപ്രണ്ട് തസ്തിക നിലവിലുണ്ടായിരുന്നു ;

(ബി) പ്രസ്തുത വകുപ്പ് പുനഃസംഘടിപ്പിച്ച് ശക്തമാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി ഹെഡ് ഓഫീസിലേയ്ക്ക് രണ്ട് ഓഫീസ് സൂപ്രണ്ട് തസ്തിക കൂടുതലായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വകുപ്പു ഡയറക്ടർ 1995-ലും പിന്നീട് 1998-ലും സർക്കാർ മുൻപാകെ സമർപ്പിച്ച പ്രൊപ്പോസലിൻമേൽ ഇതിനകം എന്തെല്ലാം നടപടി എടുത്ത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരമൊരു ശുപാർശ സർക്കാർ മുൻപാകെ സമർപ്പിച്ചതിനു ശേഷം പ്രസ്തുത വകുപ്പ് ഡയറക്ടർ ഡയറക്ടറേറ്റിൽ നിന്നും ഓഫീസ് സൂപ്രണ്ടിന്റെ ഒരു തസ്തിക അവിടെ നിന്നും മാറ്റിക്കൊണ്ടു പോകാനോ കുറവു ചെയ്യാനോ നിർദ്ദേശങ്ങൾ സമർപ്പിച്ചുവോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1999 ആയപ്പോൾ ലോക്കൽ ഫണ്ട് ഡിപ്പാർട്ടുമെന്റ് ഡയറക്ടർ ഓഫീസിൽ ഓഫീസ് സൂപ്രണ്ടിന്റെ ജോലികളിൽ കുറവ് വന്നിട്ടുണ്ടോ ;

(ഇ) എങ്കിൽ അത് സംബന്ധിച്ച വിശദ വിവരം നൽകുമോ ;

(എഫ്) 1999-ൽ പ്രസ്തുത ഓഫീസിൽ 1998-ലേതിനേക്കാൾ കൂടുതൽ സ്റ്റാഫ് ഉണ്ടായിരുന്നുവോ ?

ഉത്തരം

(എ) രണ്ട് ഓഫീസ് സൂപ്രണ്ട് തസ്തിക ഉണ്ടായിരുന്നു.

(ബി) പരിശോധിച്ച് വരുന്നു.

(സി) ഓഫീസ് സൂപ്രണ്ട് ശ്രീമതി ടി. എ. സരോജിനി സ്വന്തം ജില്ലയായ തൃശ്ശൂരിൽ ജോലി ചെയ്യുവാൻ അവസരമുണ്ടാകുന്നതിനായി ഓഫീസ് സൂപ്രണ്ട് തസ്തിക ഷിഫ്റ്റ് ചെയ്ത് സ്ഥലമാറ്റം നൽകണമെന്ന് നൽകിയ അപേക്ഷയിൻമേൽ ഡയറക്ടറുടെ അഭിപ്രായം ആരായുകയും അതിന് മറുപടിയായി അപേക്ഷ അനുഭാവപൂർവം പരിഗണിക്കാവുന്നതാണെന്ന് ഡയറക്ടർ അറിയിക്കുകയും ചെയ്തിരുന്നു.

(ഡി) കുറവ് വന്നിട്ടില്ല.

(ഇ) ഉത്തരം 'ഡി' യുടെ വെളിച്ചത്തിൽ ബാധകമല്ല.

(എഫ്) ഉണ്ട്.

ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചാർജ്-സർചാർജ് ഇവ ഈടാക്കുന്ന നടപടി

7 (1062) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് ചാർജ്-സർചാർജ്ജ് നടപടിക്രമങ്ങളിലൂടെ ഉത്തരവാദികളായവരിൽ നിന്നും എന്തു തുക വീതം ഓരോ വർഷവും ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) തുക ഒന്നും ഇതുവരെ ഈടാക്കിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ ;

(സി) നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ചാർജ്-സർചാർജ്ജ് ഇനത്തിൽ ബന്ധപ്പെട്ടവർക്ക് എന്ന് മുതലാണ് നോട്ടീസ് അയച്ചു തുടങ്ങിയത് ;

(ഡി) ഏത് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നോട്ടീസ് അയച്ചതെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly